(ഡി) കെൽട്രോണും സാമ്പത്തിക പ്രതിസന്ധിനേരിടുന്ന സാഹചര്യത്തിൽ, ഫണ്ടിന്റെ ലഭ്യതയനുസരിച്ചു നൽകുന്നതാണ്.

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ സമഗ്ര വികസനം

22 (3097) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ സമഗ്ര വികസനത്തിനായി എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ വ്യവസായത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ കുണ്ടറ, മാമല, ഒലവക്കോട് യൂണിറ്റുകളുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉദ്ദേശമുണ്ട്. ആകെ 1410 ലക്ഷം രൂപയോളം ചെലവ് ഇതിന് പ്രതീക്ഷിക്കുന്നു.

(ബി)&(സി) ഓരോ യൂണിറ്റിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്കായി കണക്കാക്കിയിട്ടുള്ള ഏകദേശ ചെലവ് ഇപ്രകാരമാണ്.

കുണ്ടറ	-	420 ലക്ഷം രൂപ
മാമല	-	540 ലക്ഷം രൂപ
ഒലവക്കോട്	-	450 ലക്ഷം രൂപ
ആകെ	-	1410 ലക്ഷം രൂപ

ഇതു പ്രകാരമുള്ള വികസന പ്രവർത്തനം നടത്തുന്നതിന് ഉദ്ദേശമുണ്ട്; നടപടികൾ സ്വീകരിച്ചുവരുന്നു.

യുണൈറ്റഡ് ഇലക്ട്രിക്കൽ വ്യവസായത്തിന്റെ സമഗ്ര വികസനം

23 (3098) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽ വ്യവസായത്തിന്റെ സമഗ്ര വികസനത്തിനായി എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly